**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 613** **09-08-2023 - ൽ മറുപടിയ്ക്ക്**

**എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിൽ കെൽട്രോൺ കരാർ വ്യവസ്ഥകൾ ലംഘിച്ചതായ പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സേഫ് കേരള പദ്ധതിയിൽ 232 കോടി രൂപയ്ക്ക് 726 ക്യാമറകൾ സ്ഥാപിക്കുന്നതിനായി സർക്കാർ കെൽട്രോണുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥകൾ ലംഘിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | **ഇല്ല.** |
| (ബി) | മറ്റ് സ്വകാര്യ കമ്പനികളിൽ നിന്നും ഉപകരണങ്ങൾ വാങ്ങരുതെന്ന ധനവകുപ്പിന്റെ നിർദ്ദേശം കെൽട്രോൺ പാലിച്ചിട്ടുണ്ടോ ; | (ബി) | അങ്ങനെ ഒരു നിർദ്ദേശം ഉണ്ടായിരുന്നില്ല. |
| (സി) | കെൽട്രോൺ സ്വന്തമായി നിർമ്മിച്ച എന്തെങ്കിലും ഉപകരണങ്ങൾ എ ഐ ക്യാമറയിൽ ഉപയോഗിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. ഈ പ്രോജക്ടിന്റെ ഭാഗമായിട്ടുള്ള ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണ-ങ്ങളായ എസ്. വി. ഡി. എസ്., എം. എസ്. വി. ഡി. എസ്., ആർ. എൽ. വി. ഡി. എസ്., എ. ഐ. ക്യാമറ സിസ്റ്റം തുടങ്ങിയവ നിർമ്മിക്കുന്നതിന് ആവശ്യമായ വിവിധ ഘടകങ്ങൾ വാങ്ങി അവ നിർമ്മിച്ചത് കെൽട്രോണാണ്. കൂടാതെ ഇതിൽ ഉപയോഗി-ച്ചിരിക്കുന്ന 300 ലിഥിയം അയൺ ബാറ്ററികളും രണ്ട് 60 KVA യു. പി.എസ്.കളും നിർമ്മിച്ചിരിക്കുന്നത് കെൽട്രോണാണ്. |
| (ഡി) | സർക്കാരിൽ നിന്നും കരാർ എടുത്തശേഷം സ്വകാര്യ കമ്പനികൾക്ക് ഉപകരാർ നൽകി കമ്മീഷൻ ഈടാക്കുന്നത് സർക്കാർ നയത്തിന് അനുസൃതമാണോ എന്ന് വ്യക്തമാക്കാമോ ? | (ഡി) | സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പ്രകാരം കെൽട്രോൺ ഒരു പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ആയിട്ടാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അതിൻപ്രകാരം കെൽട്രോൺ സുതാര്യമായ ടെൻഡർ പ്രക്രിയയിലൂടെയാണ് വെൻഡറെ തെരഞ്ഞെടുത്തിട്ടുള്ളത്. ഈ പദ്ധതിക്ക് ആവശ്യമായ മറ്റ അനുബന്ധ ഘടകങ്ങൾ സ്റ്റോർ പർച്ചേസ് മാനുവൽ (SPM) / സെൻട്രൽ വിജിലൻസ് കമ്മീഷൻ (CVC) നിബന്ധനകൾ പ്രകാരം വാങ്ങിയതിനും കെൽട്രോണിന്റെ ക്യാമറ സിസ്റ്റത്തിന്റെ നിർമ്മാണ ചെലവുകൾക്കും കെൽട്രോൺ PMC ചാർജ്ജ് ഈടാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ